**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **10-02-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ വഞ്ചി ക്ലേമൈൻസ് ഭൂമിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ അധീനതയിൽ ചാത്തന്നൂർ വഞ്ചി ക്ലേമൈൻസിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും നാലതിരുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ ; | (എ) | നിലവിലെ സർവ്വേ സ്കെച്ച് പ്രകാരം 2.3512 ഹെക്ടർ ഭൂമിയാണുള്ളത്. കിഴക്ക് - KSRTC ബസ് സ്റ്റാൻഡ്, പടിഞ്ഞാറ് - റോഡ്, തെക്ക് - പ്രൈവറ്റ് ബസ് സ്റ്റാൻഡ്, വടക്ക് - PWD റെസ്റ്റ് ഹൗസ് എന്നിവയാണ് അതിരുകൾ. |
| (ബി) | പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റെ എന്തെങ്കിലും സംരംഭങ്ങൾ ഉടൻ തുടങ്ങുന്നതിനോ സമീപ ഭാവിയിൽ തുടങ്ങുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) | പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റേതായി ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി DPR തയ്യാറാക്കിയിട്ടുള്ളതും ആയതി ലേക്കായി 1.29 ഏക്കർ ഭൂമി ആവശ്യമായിട്ടുള്ളതുമാണ്. |
| (സി) | നിലവിൽ പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ വകുപ്പുകളോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളോ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ അപേക്ഷകളിന്മേൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനം അറിയിക്കാമോ; | (സി) | ഗവ. ഐ.ടി.ഐ ചാത്തന്നൂർ, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, ക്ലീൻ കേരള കമ്പനി എന്നീ സ്ഥാപനങ്ങൾ ഭൂമി ആവശ്യപ്പെട്ടിരുന്നു.<br><br>ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിലെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട്, സമീപത്തുള്ള വയലിൽ ഭഗവതി ക്ഷേത്രവുമായി പരവൂർ മുൻസിഫ് കോടതിയിലും മെ. കേഡസിന് നൽകിയ 150 സെന്റിൽ 110 സെന്റ് തിരിച്ചെടുത്ത് പുതിയ സംരംഭകന് അനുവദിച്ച നടപടിയിൽ ബഹു. കേരള ഹൈക്കോടതിയിലും കേസുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്കേ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചി ക്ലേമൈൻസ് ഭൂമി നിലവിൽ ആർക്കെങ്കിലും പാട്ടത്തിനോ മറ്റ് വ്യവസ്ഥകൾ പ്രകാരമോ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ മുഴുവൻ വിശദാംശങ്ങളും വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br><br>മെ. കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് & എംപ്ലോയ്-മെന്റ് സൊസൈറ്റി (KEDES) ന് 150 സെന്റ് ഭൂമിയും, മെ. ലാൻസെറ്റ് ഗ്ലാസ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് 108.44 സെന്റ് ഭൂമിയും ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ